സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം

216 (1151) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വന്നവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുന്നുണ്ടോ.; എങ്കിൽ എപ്രകാരം ;

(ബി) എത്ര കാലാവധിവരെ ഇവർക്ക് പുതുക്കുവാൻ കഴിയും ;

(സി) ഇക്കാര്യത്തിൽ എസ്.സി/എസ്.ടി. അപേക്ഷകർക്ക് പ്രത്യേക പരിഗണനയുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. സർക്കാർ തീരുമാനിക്കുന്ന ഒരു പ്രത്യേക തീയതി വരെ രജിസ്ട്രേഷൻ പുതുക്കുന്നതിന് വേണ്ടി ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ സമർപ്പിക്കാൻ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഇപ്രകാരം ഏറ്റവും അവസാനമായി സർക്കാർ ഉത്തരവ് നൽകിയത് 1-1-1990 മുതൽ 31-12-1999 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് 31-12-2000 വരെ അവസരം നൽകികൊണ്ടാണ്.

(സി) എസ്.സി./എസ്.റ്റി വിഭാഗക്കാർക്ക് രജിസ്ട്രേഷൻ പുതുക്കേണ്ട മാസം രജിസ്ട്രേഷൻ പുതുക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുശേഷം ഒരു വർഷത്തിനകം രജിസ്ട്രേഷൻ പുതുക്കിയാൽ മതിയെന്ന് നിഷ്ക്കർഷിക്കുന്ന ഉത്തരവ് നിലവിലുണ്ട്.

(982, 1024 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

മി. സ്പീക്കർ : ഓർഡർ,..... ഓർഡർ,..... ഇന്നലെ തിരുവനന്തപുരത്ത് പൂന്തുറയിലും പരിസരപ്രദേശങ്ങളിലും ഉണ്ടായ സംഭവങ്ങൾ

9.30A.M.] അത്യന്തം നിർഭാഗ്യകരമാണ്. നിയമസഭ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ പ്രതിഫലനം സ്വാഭാവികമായും സഭാ വേദിയിലും ഉണ്ടാവുക പതിവാണ്. അടിയന്തിര പ്രമേയം ആകാം, സബ്മിഷൻസ് ആകാം. അതൊക്കെ ആകാം. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് എനിക്ക് ഒന്നിലധികം നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെയുള്ളവരുടെ നോട്ടീസുകൾ ലഭിച്ചു. സ്ഥലം എം.എൽ.എ. ആയ ശ്രീ.ആന്റണി രാജുവിന്റെ നോട്ടീസ് എനിക്ക് ഇന്നലെത്തന്നെ ലഭിച്ചു. ഞങ്ങൾ പല ചർച്ചകളും നടത്തി. നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly